**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2748

09/05/2017 - ൽ മറുപടിക്ക്

**കുടുംബശ്രീ വസ്ത്ര നിർമ്മാണ യൂണിറ്റുകൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീമതി സി.കെ.ആശ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കുടുംബശ്രീ വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് തയ്യൽ ജോലികൾ ടെണ്ടർ ഇല്ലാതെ ഏറ്റെടുക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 19 അപ്പാരൽ പാർക്കുകൾക്കും 1000-ത്തോളം ചെറുകിട തയ്യൽ യൂണിറ്റുകൾക്കും വിവിധ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ലഭിക്കുന്നതിന് സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 9.23 ൽ 04.02.2017 മുതൽ ഒരു വർഷത്തേയ്ക്ക് ഇളവ് വരുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏതൊക്കെ യൂണിറ്റുകൾക്കാണ് പ്രസ്തുത അനുമതി നല്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) | കുടുംബശ്രീയുടെ കീഴിലുള്ള എല്ലാ തയ്യൽയൂണിറ്റുകൾക്കും അനുമതി നൽകിയിട്ടുണ്ട്. |
| (സി) | കുടുംബശ്രീ വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് സ്കൂൾ വിദ്യാർത്ഥികളുടെ കൈത്തറി യൂണിഫോമിന്റെ തയ്യൽ ജോലികൾക്കുള്ള അനുമതി നല്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ